പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1892

08.06.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യിൽ ജീവനക്കാരുടെ ക്ഷാമം

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും ക്ഷാമം മൂലം എത്ര ബസ് സർവീസുകൾ ദിനംപ്രതി മുടങ്ങുന്നുണ്ട്; ഇതു മൂലം കോർപ്പറേഷന് ദിനംപ്രതി ഉണ്ടാകുന്ന നഷ്ടം എത്രയാണ്; ദീർഘകാല അവധി അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ അവധി റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ വിന്യസിച്ചിരിക്കുന്നതിലെ അപാകതമൂലം ശരാശരി 60 സർവ്വീസുകൾ ദിനംപ്രതി റദ്ദ് ചെയ്യേണ്ടി വരുന്നു. ഇപ്രകാരം സർവ്വീസ് റദ്ദ് ചെയ്യുന്നതുമൂലം ഏതാണ്ട് 6 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. ദീർഘകാല അവധി അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ അവധി റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഒരിക്കൽ ദീർഘകാല അവധി അനുവദിക്കപ്പെട്ടതിനു ശേഷം വിദേശത്ത് കോൺട്രാക്റ്റ്/എഗ്രിമെന്റിൽ ഏർപ്പെട്ട് ജോലിക്ക് പോയവരെ തിരിച്ചു വിളിക്കുന്നത് നിയമ നടപടികൾക്ക് വഴിയൊരുക്കില്ലേ; ഇത്തരത്തിലുള്ള അവധി റദ്ദാക്കലിന് കേരള സർവ്വീസ് ചട്ടങ്ങളിൽ അംഗീകാരമുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഇതുസംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷൻ നം. 17815/2018ലെ 04.06.2018-ലെ വിധിയിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ജീവനക്കാർക്ക് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് 45 ദിവസത്തെ സമയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>അവധി അനുവദിക്കപ്പെട്ട ജീവനക്കാരെ അടിയന്തര ഘട്ടങ്ങളിൽ തിരിച്ചു വിളിക്കാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ